DESPATCHED On 22/12/21

19/11/21




**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**

**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**

**E-mail: sic.ker@nic.in**


**ഹർജി നമ്പർ AP No.1292(4)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.8669/എസ്.ഐ.സി-ജി 2/2020)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജോർജ്ജ് മാത്യൂ,
കൊച്ചേട്ടൻസ് വീട്,
താഴ്ത്തങ്ങാടി പി.ഒ,
കോട്ടയം - 686 005.
— അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അക്കൗണ്ട്സ് ഓഫീസർ,
   കോളേജ് വിദ്യാഭ്യാസ ഉപമേധാവിയുടെ
   കാര്യാലയം, എം.സി.ആർ.വി. മെൻസ്
   ഹോസ്പിറ്റലിനു സമീപം, ഹോസ്പിറ്റൽ റോഡ്,
   എറണാകുളം - 682 011.

2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി ഡയറക്ടർ,
   കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവിയുടെ
   കാര്യാലയം, എറണാകുളം.

— എതിർകക്ഷികൾ

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ നിന്ന് കോതമംഗലം മാർ അത്താനോസ്യോസ് കോളേജിലെ കമ്പ്യൂട്ടർ വിഭാഗം അധ്യാപിക ശ്രീമതി. ഷൈനി

ജോണിന്റെ ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 17.11.2021 ൽ എറണാകുളം ട ൗ ൺ ഹാളിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരന്റെ ചോദ്യങ്ങൾക്ക് നേരത്തെതന്നെ മറുപടി നൽകിയതാണെന്നും, ഇതിനുശേഷം 06.08.2020 ന് വീണ്ടും മറുപടി നൽകിയെന്നും, ഈ മറുപടി ലഭിക്കുന്നതിനു മുമ്പായിരിക്കാം ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ നൽകിയതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരന്റെ 05.03.2020 ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരിക്കുന്നത് രണ്ടുമാസത്തിനുശേഷം ആണ്. ഒന്നാം അപ്പീലധികാരിയുടെ തീർപ്പനുസരിച്ച് നൽകിയ മറുപടി ലഭിക്കുന്നതിന് മുമ്പാണ് അപേക്ഷകൻ രണ്ടാം അപ്പീൽ നൽകിയതെന്ന ഒന്നാം എതിർകക്ഷിയുടെ വാദം അംഗീകരിച്ചാൽ തന്നെ, വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയത് 30 ദിവസം വൈകിയാണ്. ഇത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ആയതുകൊണ്ട് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ഒന്നാംഎതിർകക്ഷി വിവരങ്ങളും രേഖകളുടെ പകർപ്പുകളും ഒരിക്കൽക്കൂടി അപേക്ഷകന് പൂർണ്ണമായും സൗജന്യമായി നൽകേണ്ടതാണ്. അതിന് ഒപ്പം, വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ ഒരു മാസം കാലതാമസം വരുത്തിയതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണവും മേൽപറഞ്ഞ കാലയളവിനുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

5. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിൽ ഇന്നേദിവസം 19.11.2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re